بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 23.01.15 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*23.01.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**ഖുത്ബയും നമസ്കാരത്തിന്റെ ഭാഗമാണെന്ന കാര്യം ഓർക്കുക. അതുകൊണ്ട് ഖുത്ബയിൽ സംസാരിക്കുന്നതും വിരോധമാണ്; എവിടെയെങ്കിലും പറയണമെങ്കിൽ, ആരെയെങ്കിലും തടയണമെങ്കിൽ ഖുത്ബ കൊടുത്തുകൊണ്ടിരിക്കുന്ന ഇമാമിനെ അതിന് അനുവാദമുള്ളു. നമസ്കാരത്തിൽ ഇമാമിനും സംസാരം പാടില്ല. കുട്ടികൾക്ക് ഇപ്പോൾ മുതൽതന്നെ ഇക്കാര്യം പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്. നമസ്കാരത്തിൽ സംസാരിക്കുന്നത് വിരോധമാണെന്നപോലെ ഖുത്ബയിൽ സംസാരിക്കുന്നതും വിരോധമാണ്.**

തശഹ്ഹുദും തഅവ്വുദും തസ്മിയയും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു: ഇപ്പോൾ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞ ചില സംഭവങ്ങൾ അവതരിപ്പിക്കുന്നതാണ്. നബി(സ)തിരുമേനിയോടുള്ള അവിടത്തെ ആദരവിന്റേയും ബഹുമാനത്തിന്റേയും നിലവാരം എന്തായിരുന്നു, അതെങ്ങനെയായിരുന്നു പ്രവർത്തിച്ച് കാണിച്ചിരുന്നത് എന്നിവയെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരിടത്ത് പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു അവസരത്തിൽ ലാഹോറിലോ അമൃതസറിലോ ആയിരുന്നുവെന്നാണ് തോന്നുന്നത്, പണ്ഡിത് ലേഖ്റാമും അവിടെ വന്നു. അയാൾ അവിടെ വന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് സലാം ചെയ്തു. പണ്ഡിത് ലേഖ്റാം ആര്യസമാജത്തിൽ വലിയ സ്ഥാനമുള്ള ആളായിരുന്നു. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) നോടൊപ്പമുണ്ടായിരുന്നവർ ലേഖ്റാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് സലാം ചെയ്യാൻ വന്നല്ലോ എന്നോർത്ത് വളരെ അധികം സന്തോഷിച്ചു. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) അയാളെ അല്പംപോലും ശ്രദ്ധിച്ചില്ല. ലേഖ്റാം സലാം ചെയ്തത് ഹദ്റത്ത് മസീഹ് മൗഊദ്(അ) കണ്ടിട്ടില്ലാ എന്ന് കരുതി ആ മഹാത്മാവിന്റെ ശ്രദ്ധയിൽ ഇക്കാര്യം പെടുത്തി. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) വളരെ ദേഷ്യത്തോടെ പറഞ്ഞു: അയാൾക്ക് നാണമില്ലേ? എന്റെ യജമാനനെ ചീത്ത പറയുന്നു, എനിക്കു വന്നിട്ട് സലാം ചെയ്യുന്നു!

അതേ സംഭവം വിവരിച്ചുകൊണ്ട് ഒരിടത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞു: ആര്യസമാജികളിൽ ലേഖ്റാമിനുണ്ടായിരുന്ന ആദരവു കാരണത്താൽ വലിയ വലിയ ആളുകൾ അദ്ദേഹത്തെ കാണുകയെന്നത് തങ്ങളുടെ അഭിമാനമായി കരുതിയിരുന്നു. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആത്മീയരോഷം നോക്കുക! പണ്ഡിത് ലേഖ്റാം സ്വയം ആ മഹാത്മാവിനെ കാണാൻ വരുന്നു. എന്നാൽ, അവിടന്ന് പറയുന്നു, 'എന്റെ യജമാനരെ തെറി പറയുന്നത് ഒഴിവാക്കുക. എന്നാൽ ഞാൻ അയാളെ കാണാം.' ഇവിടെ ഈ സംഭവത്തിൽ റസൂലിന്റെ അഭിമാനത്തെ കുറിച്ച് അറിവ് ലഭിക്കുന്നതിനോടൊപ്പം വലിയയാളെ വലിയാളെന്നു കരുതിമാത്രം സലാംചെയ്യുന്നതായാൽ തങ്ങളുടെ ആദരവ് നിലനില്ക്കും എന്നത് മാത്രം പോര പ്രത്യുത ദരിദ്രന്റെ ആദരവ് ശ്രദ്ധിക്കേണ്ടതും നിർബന്ധമാണെന്ന പാഠവും ലഭിക്കുന്നുണ്ട്. ആത്മാഭിമാനം കാണിക്കുക എന്നതാണ് യഥാർഥ കാര്യം. വലിയ ആൾ നമ്മുടെ ആദരണീയരായ നബി(സ)യെക്കുറിച്ച് എന്തെങ്കിലും തെറ്റായ പദങ്ങൾ പറഞ്ഞാൽ എത്രവലിയ ആളാണെങ്കിലും അതിന് പ്രാധാന്യം നല്കേണ്ട ആവശ്യമില്ല.

ഇപ്രകാരംതന്നെ മറ്റൊരു സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് മിർസാ സാഹിബിന്റെ കുട്ടികളോടുള്ള പെരുമാറ്റം എത്രമാത്രം ഉന്നതമായിരന്നുവെന്നു വെച്ചാൽ അദ്ദേഹം എപ്പോഴെങ്കിലും കുട്ടികളോടു ദേഷ്യപ്പെടുമെന്ന് ചിന്തിക്കാനെ കഴിയുമായിരുന്നില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) ഞങ്ങളെ എല്ലാവരേയും വളരെയേറെ ഇഷ്ടപ്പെടുകയു സ്നേഹിക്കുകയും ചെയ്തിരുന്നു. പ്രത്യേകിച്ചും ഞങ്ങളുടെ ഏറ്റവും ഇളയ സഹോദരൻ മുബാറക് അഹ്മദിനോടു ഒരുപാടു സ്നേഹമായിരുന്നു. അതിനെക്കാളാധികം മറ്റാരേയും സ്നേഹിക്കാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് കഴിയുകയില്ലെന്ന് ഞങ്ങൾ മനസ്സിലാക്കിയിരുന്നു. പക്ഷേ, ആ സ്നേഹം നബി(സ) തിരുമേനിയോടുള്ള സ്നേഹത്തെ കവച്ചുവെക്കുന്നതായിരുന്നില്ല. ആ ഓമനപുത്രൻ ഒരു പ്രാവശ്യം കുട്ടിക്കാലത്തെ അജ്ഞതകൊണ്ട് നബി(സ) തിരുമേനിയുടെ അഭിമാനത്തിന് ക്ഷതമേല്ക്കുന്നവിധം എന്തോ ഒന്ന് പറഞ്ഞപ്പോൾ വളരെ ശക്തമായി അവന്റെ ശരീരത്തിൽ അടിച്ചു.

പിന്നീട് മറ്റൊരു സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ലാഹോറിൽ ആര്യസമാജക്കാരുടെ ഒരു സമ്മേളനം നടന്നു. അതിൽ പങ്കെടുക്കാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും ക്ഷണിച്ചിരുന്നു. ജൽസയുടെ സംഘാടകർ സമ്മേളനത്തിൽ നബി(സ)തിരുമേനിയെ സംബന്ധിച്ച് ഒരു ചീത്ത വാക്കും ഉപയോഗിക്കുകയില്ലെന്ന് സമ്മതിച്ചിരുന്നു. പക്ഷേ, സമ്മേളനത്തിൽ കഠിനമായ ചീത്തകൾ വിളിക്കപ്പെട്ടു. നമ്മുടെ ജമാഅത്തിലെ ചിലയാളുകളും അവിടെ പോയിരുന്നു. അവരിൽ മൗലവി നൂറുദ്ദീൻ സാഹിബും ഉണ്ടായിരുന്നു. അദ്ദേഹത്തെ

ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രത്യേകമായും ആദരിച്ചിരുന്നു. സമ്മേളനത്തിൽ നബി(സ) തിരുമേനിയെ ചീത്ത പറഞ്ഞുവെന്ന് കേട്ടപ്പോൾ മൗലവി സാഹിബിനോടു പറഞ്ഞു: അവിടെ ഇരിക്കുക എന്നത് താങ്കളുടെ അഭിമാനം എങ്ങനെയാണ് സഹിച്ചത്. എന്തുകൊണ്ട് എഴുന്നേറ്റു പോന്നില്ല. ആ സമയത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദ്വേഷം എത്രയായിരുന്നുവെച്ചാൽ, മൗലവി സാഹിബിനെ തികച്ചും വെറുത്തുകളയും എന്ന് തോന്നിപ്പോയിരുന്നു. പിന്നീട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഇങ്ങനേയും പറഞ്ഞു: ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനോടൊപ്പം ഞാനും പോയിട്ടുണ്ടായിരുന്നു. നീ അവിടെ എന്തിനിരുന്നു എന്ന് ചോദിച്ചുകൊണ്ട് എന്നോടും കഠിനമായി ദ്വേഷപ്പെട്ടു.

ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെ, നബി(സ)തിരുമേനിയെക്കാൾ വലിയവനാണെന്ന് കരുതുന്നു എന്ന ആക്ഷേപം ഉന്നയിക്കപ്പെടുന്നു. ഇക്കൂട്ടർക്ക് ആ മഹാത്മാവിന്റെ ഈ വികാരങ്ങളേയും ഈ പ്രകടനത്തേയും നേരിടാൻ കഴിയുമോ? അഹോ കഷ്ടം! ഈ ആക്ഷേപം ഉന്നയിക്കുന്നവർ ആ മഹാത്മാവിന്റെ മുഹമ്മദ്(സ)നോടുള്ള പ്രണയം കണ്ടിരുന്നെങ്കിൽ!

അബ്ദുല്ലാഹ് ആഥിമുമായി ഒരു വാദപ്രതിവാദം നടന്നിരുന്നു. ഇത് വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) എഴുതിയിരിക്കുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) വാഗ്ദത്ത മസീഹാണെന്ന് പ്രഖ്യാപിച്ചിരുന്ന സമയത്തായിരുന്നു ഈ വാദപ്രതിവാദം നടന്നത്. ആ മഹാത്മാവ് കാഫിറാണെന്നും നിർബന്ധമായും വധിക്കപ്പെടേണ്ട വ്യക്തിയാണെന്നും മൗലവി ഫത്വ നല്കി കഴിഞ്ഞിട്ടുണ്ടായിരുന്നു. ആ അവസരത്തിൽ ഒരു അനഹ്മദി, ക്രിസ്ത്യാനിയുമായി ഏറ്റുമുട്ടുന്നു. കാരണം ആ ക്രിസ്ത്യാനി ജണ്ടിയാലയിലെ അനഹ്മദികളെയാണ് പോരാട്ടത്തിനായി ക്ഷണിച്ചത്. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ തങ്ങൾക്കുവേണ്ടി വാദപ്രതിവാദം നടത്താൻ ക്ഷണിച്ചു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉത്സാഹത്തോടെ എഴുന്നേറ്റുനിന്നു. അനഹ്മദികളെപ്പോലെ തന്നെ എതിർക്കുന്നവരല്ല ക്രിസ്ത്യാനികൾ എന്ന് ആ മഹാത്മാവ് പറഞ്ഞില്ല. കാരണം കൊല്ലണമെന്ന ഫത്വ ക്രിസ്ത്യാനികൾ പുറപ്പെടുവിച്ചിരുന്നില്ല. പക്ഷേ, അനഹ്മദികളിൽ നിന്നാണെങ്കിൽത്തന്നെയും ആവശ്യമുണ്ടായപ്പോൾ നബി(സ)തിരുമേനിയുടേയും ഇസ്ലാമിന്റേയും അഭിമാനവും അല്ലാഹുവിന്റെ ഏകത്വവും സ്ഥാപിക്കുന്നതിനും വേണ്ടി വാദപ്രതിവാദത്തിനുവേണ്ടി അവിടന്ന് പുറപ്പെട്ടു. ഖാദിയാന് വെളിയിലേക്ക് പോയി. ഇത് ആ മഹാത്മാവിന്റെ ഈമാനികമായ അഭിമാനമായിരുന്നു. ഇതിനുവേണ്ടി മറ്റൊന്നും ആ മഹാത്മാവ് നോക്കിയില്ല.

എന്തായാലും ഇതൊരു സുദീർഘമായ വാദപ്രതിവാദമായിരുന്നു. 15 ദിവസമാണ് അത് നടന്നത്. അവസാനം ഹദ്റത്ത് മസീഹ് മൗഊദ്(അ) ദുആ ചെയ്തു. ഒരു തിയതി നിശ്ചയിച്ച് പ്രവചനം ചെയ്തു. ഈ പ്രവചനത്തെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇന്ന് രാത്രി എന്നിൽ തുറക്കപ്പെട്ടത് ഇതാണ്: ഞാൻ വളരെ വിനയത്തോടും താഴ്മയോടുംകൂടി ഇക്കാര്യത്തിൽ തീരുമാനം കല്പിക്കാനും ഞങ്ങൾ നിന്റെ വിനയരായ ദാസരാണ് നിന്റെ തീരുമാനമില്ലാതെ ഒന്നും ചെയ്യാൻ കഴിയുകയില്ല എന്നും പറഞ്ഞ് ദൈവിക സവിധത്തിൽ ദുആ ചെയ്തപ്പോൾ അവൻ ഈ ശുഭവാർത്ത അടയാളമെന്ന നിലയിൽ നല്കി. അതായത് ഈ സംവാദത്തിൽ ഇരുകക്ഷികളിൽനിന്ന് ഏതൊരു കക്ഷിയാണോ മനപൂർവം കളവ് സ്വീകരിച്ചത്, സത്യദൈവത്തെ ഉപേക്ഷിച്ചു കളഞ്ഞത് അവൻ ഈ സംവാദം നടന്ന ദിവസത്തിന്റെ അടിസ്ഥാനത്തിൽ അതായത് ഒരു ദിവസത്തിന് ഒരു മാസം എന്ന കണക്കനുസരിച്ച് അതായത് 15 മാസത്തിനുള്ളിൽ ഹാവിയായിൽ ഇടപ്പെടുന്നതാണ്. അവൻ പശ്ചാത്തപിച്ച് മടങ്ങുന്നില്ലെങ്കിൽ കഠിനമായ നിന്ദ്യത ഉണ്ടാകും. ആരാണോ സത്യവാദിയും സത്യവാനായ ദൈവത്തെ വിശ്വസിക്കുന്നവനും അവന്റെ വന്ദ്യത വെളിപ്പെടുന്നതായിരിക്കും. എന്തായാലും ഇതൊരു ദീർഘമായ സംവാദമായിരുന്നു. ഇതിനെ സംബന്ധിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ഒന്ന് രണ്ട് സംഭവങ്ങൾ എഴുതിയിട്ടുണ്ട്. അത് ഞാൻ സമർപിക്കുകയാണ്.

ഒരു തവണ മിർസാ സാഹിബിന്റെ പ്രവചനം പുലർന്നില്ല, ആഥിം ഇപ്പോഴും ജീവിച്ചിരിക്കുന്നു എന്ന് പറഞ്ഞ് ബഹാവൽപൂർ നവാബ് സാഹിബിന്റെ ദർബാറിലും ചിലയാളുകൾ പരിഹസിക്കാൻ തുടങ്ങി. ആ സമയത്ത് ദർബാറിൽ ചാചഡായിലെ ഖാജ ഗുലാം ഫരീദ് സാഹിബും ഇരിപ്പുണ്ടായിരുന്നു. നവാബ് സാഹിബ് അദ്ദേഹത്തിന്റെ മുരീദായിരുന്നു. സംസാരത്തിന്നിടയിൽ നവാബ് സാഹിബിന്റെ വായിൽനിന്നും, 'അതേ, മിർസാ സാഹിബിന്റെ പ്രവചനം പുലർന്നില്ല'എന്ന വാക്യം പുറപ്പെട്ടു. അതുകേട്ടപ്പോൾ ഖാജ സാഹിബ് വികാരാവേശത്തള്ളിച്ചയിൽ വരികയും വളരെ പ്രതാപത്തോടെ ഇങ്ങനെ പറയുകയും ചെയ്തു: ആരാണ് പറയുന്നത് പ്രവചനം പുലർന്നില്ലെന്ന്? ആഥിം ജീവിച്ചിരിക്കുന്നുവെന്ന്? എനിക്ക് അയാളുടെ ജഡമാണ് കാണാൻ കഴിയുന്നത്.' അപ്പോൾ നവാബ് സാഹിബ് നിശബ്ദനായി. ഈ സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ചിലയാളുകൾ ജീവിച്ചിരിക്കുന്നവരായി തോന്നാം. വാസ്തവത്തിൽ അവർ മരിച്ചവരാണ്. ചിലർ മരിച്ചവരായി തോന്നാം. പക്ഷേ, അവർ ജീവിച്ചിരിക്കുന്നവരായിരിക്കും. ആരാണോ അല്ലാഹുവിന്റെ വഴിയിൽ ജീവൻ സമർപിക്കുന്നത് അവർ യഥാർഥത്തിൽ ജീവിച്ചിരിക്കുന്നവരാണ്. ആത്മീയമായ ദൃഷ്ടിയുള്ള ആളുകൾക്ക് ജീവിച്ചിരിക്കുന്നവരിൽനിന്ന് ആയിരക്കണക്കിനാളുകൾ മരിച്ചവരായി കാണപ്പെടുന്നു. അതുകൊണ്ട് ആത്മീയമായി മരിച്ചവരേയും ആത്മീയമായി ജീവിച്ചിരിക്കുന്നവരേയും എല്ലാവർക്കും തിരിച്ചറിയാൻ പറ്റുകയില്ല. അതിനാൽ യഥാർഥമായ മുഅ്മിൻ അവരെ തിരിച്ചറിയാൻ ശ്രമിക്കേണ്ടതാണ്.

അബ്ദുല്ലാഹ് ആഥിമിനെ സംബന്ധിച്ച് ഇതുംകൂടി പറയട്ടെ. ആത്മീയമരണം മാത്രമല്ല ശാരീരികമരണവും അദ്ദേഹത്തിന് വന്നിരുന്നു. പ്രവചനമനുസരിച്ച് അത് സംഭവിച്ചിരുന്നു. അതേ! അല്പം കാലവിളംബം അതിലുണ്ടായെന്നു മാത്രം. അതിനും കാരണങ്ങളുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വയം അത് പറഞ്ഞിട്ടുണ്ട്.

പിന്നീട് അതേ ആഥിമിനെ സംബന്ധിച്ചുള്ള പ്രവചനത്തെ കുറിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരിടത്ത് ഇങ്ങനെ വിവരിച്ചിരിക്കുന്നു. ആഥിമിനെക്കുറിച്ചുള്ള പ്രവചനം പൂർത്തിയാകേണ്ടിയിരുന്ന അവസാന ദിവസം അതായത് 15 മാസം തികയുന്ന ദിവസം ആളുകൾ കരഞ്ഞ് കരഞ്ഞ് നിലവിളിച്ച് അല്ലാഹുവേ! ആഥിം മരിക്കണേയെന്ന് ദുആ ചെയ്യുകയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അവരുടെ ഈ പ്രവർത്തിയിൽ വെറുപ്പ് പ്രകടിപ്പിച്ചു. പറഞ്ഞു: അല്ലാഹുവിനെക്കാളും ഉപരിയായി ഏതെങ്കിലും മനുഷ്യന് അവന്റെ വചനത്തെ സംബന്ധിച്ച് അഭിമാനമുണ്ടാകുമോ? അങ്ങനെതന്നെ സംഭവിക്കുമെന്ന് അല്ലാഹു പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് അത് സംഭവിക്കുകതന്നെ ചെയ്യുമെന്ന് നമ്മൾ വിശ്വസിക്കേണ്ടതാണ്. അല്ലാഹു പറഞ്ഞിരിക്കുന്ന കാര്യം നമ്മൾ തെറ്റാണെന്ന് കരുതുകയാണെങ്കിൽ നമ്മുടെ തെറ്റിനനുസരിച്ച്

വിധിപറയാൻ അല്ലാഹു നിർബന്ധിതനല്ല. നമ്മൾ ഒരാളെ സത്യവാനായി വിശ്വസിച്ചിരിക്കുന്ന സ്ഥിതിക്ക് അയാൾ പറയുന്നതിൽ വിശ്വസിക്കുകയെന്നതു മാത്രമാണ് നമ്മുടെ ജോലി. ചുരുക്കത്തിൽ മുഅ്മിന്റെ ജോലി അല്ലാഹുവിൽ ഭരമേല്പിക്കുക എന്നതാണ്. അല്ലാഹു പറഞ്ഞ കാര്യം പൂർത്തിയാകുകതന്നെ ചെയ്യും. ഈ പ്രവചനവും പ്രൗഢിയോടെ പുലർന്നു. ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരുപാട് സ്ഥലത്ത് പറഞ്ഞിട്ടുണ്ട്. ഒന്നു രണ്ടു സ്ഥലത്ത് പറഞ്ഞിട്ടുള്ളത് ഞാൻ കേൾപിക്കുകയാണ്.

ആഥിമിന്റെ പശ്ചാത്താപത്തെ സംബന്ധിച്ച് നമ്മുടെ ജമാഅത്ത് എപ്പോഴും ഓർമ വെക്കേണ്ടതാണ്; പ്രവചനം കേട്ടപാടെ അദ്ദേഹം തന്റെ നാവ് പുറത്തിടുകയും ചെവികളിൽ കൈവെക്കുകയും വിറകൊള്ളുകയും വിളറുകയും ചെയ്തു. ഒരു വലിയ ആൾക്കൂട്ടത്തിന്റെ മുമ്പിൽ അയാളുടെ ഈ പശ്ചാത്താപം കാണപ്പെട്ടു. അയാളിൽ ഭയം അതിജയിക്കുകയും പട്ടണങ്ങൾതോറും ചുറ്റിനടക്കുകയും ചെയ്തു. അയാൾ തന്റെ വിരോധം ഉപേക്ഷിച്ചു. ഇസ്‌ലാമിന്നെതിരിൽ അയാൾ പിന്നീടൊരിക്കലും ഒന്നും എഴുതിയില്ല. സമ്മാനം നല്കാമെന്ന് പ്രഖ്യാപിച്ചുകൊണ്ട് സത്യംചെയ്ത് പറയാൻ പറഞ്ഞപ്പോൾ സത്യം ചെയ്യാൻ അയാൾ വന്നില്ല. അവസാനം താമസിച്ചിട്ടാണെങ്കിലും മരണപ്പെട്ടു. ചുരുക്കം പറഞ്ഞാൽ ഇത്തരം കാര്യങ്ങൾ ഓർമവെക്കേണ്ടത് നിർബന്ധകാര്യമാണ്. ഇതിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുക. അപ്പോഴാണ് കാര്യങ്ങൾ മനസ്സിലാകുന്നത്.

പിന്നീട് ഒരുസ്ഥലത്ത് അവിടന്ന് ഇങ്ങനെ പറയുകയുണ്ടായി. ഈ പ്രവചനം നിബന്ധനയോടുകൂടിയതായിരുന്നു. അയാൾ അസ്വസ്ഥനായിരുന്നു. നഗരങ്ങൾതോറും ചുറ്റിക്കറങ്ങിക്കൊണ്ടിരുന്നു. അയാൾക്ക് ദൈവമായ മസീഹിൽ ദൃഢവിശ്വാസമുണ്ടായിരുന്നെങ്കിൽ ഇത്രമാത്രം പരിഭ്രമിക്കാനുള്ള കാരണമെന്താണ്. പക്ഷേ, ഇതിനോടൊപ്പം അയാൾ സത്യം മറച്ചുവെക്കുകയും ജനങ്ങളെ വഴിപിഴപിക്കാനാഗ്രഹിക്കുകയും ചെയ്തപ്പോൾ –കാരണം സത്യം മറച്ചുവെക്കുന്നത് അജ്ഞരായ ചിലരുടെ വഴിയിൽ വഞ്ചനയുടെ പാറയാകാൻ സാധ്യതയുണ്ട്–അല്ലാഹു തന്റെ സത്യമായ വാഗ്ദാനപ്രകാരം നമ്മുടെ അവസാന വിജ്ഞാപനം പ്രസിദ്ധീകരിച്ച് ഏഴുമാസത്തിനുള്ളിൽ അയാളെ ലോകത്ത് നിന്ന് പൊക്കുകയും ഏതൊരു മരണത്തെയാണോ അയാൾ ഭയക്കുകയും ചുറ്റിക്കറങ്ങി നടക്കുകയും ചെയ്തിരുന്നത് അത് അയാളെ വലയം ചെയ്യുകയും ചെയ്തു. ആഥിമിന്റെ കാര്യത്തിൽ സത്യം മനസ്സിലാക്കാൻ ജനങ്ങൾക്ക് എന്തു പ്രയാസമാണുള്ളതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇത്രമാത്രം ശക്തമായ തെളിവുകൾ നിലവിലുണ്ട്. എന്നിട്ടും നിഷേധം! ശക്തമായ തെളിവുകൾ കൊണ്ട് കോടതികൾ കുറ്റവാളികൾക്ക് വധശിക്ഷ നല്കുന്നു. ചുരുക്കത്തിൽ ഇത് ആഥിമിനെ സംബന്ധിച്ചുള്ള ഒരു വലിയ അടയാളമായിരുന്നു.

ഈ സംവാദത്തിന്നിടയിൽ ക്രൈസ്തവ പാതിരിമാർ ചില മുസ്‌ലീംകളേയും കൂട്ടുപിടിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ പരിഹസിക്കുന്നതിനുവേണ്ടി ഇങ്ങനെയൊരു തന്ത്രം കാണിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) വന്നയുടനെ പെട്ടെന്ന് അന്ധന്മാരേയും മൂകന്മാരേയും മുടന്തന്മാരേയും ആ മഹാത്മാവിന്റെ മുമ്പിൽ കൊണ്ടു വന്ന് പറഞ്ഞു, 'താങ്കൾ യഥാർഥത്തിൽ മസീഹിന് സദൃശനാണെങ്കിൽ ഇവരെ സുഖപ്പെടുത്തിക്കാണിക്കുക.' എന്നാൽ ഹദ്റത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: നിങ്ങളുടെ വിശ്വാസം നിങ്ങളുടെ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്. കടുകുമണിയോളം വിശ്വാസമുള്ള ഒരു ക്രിസ്ത്യാനിക്ക് താൻ കാണിക്കുന്ന എല്ലാ അടയാളങ്ങളും കാണിക്കാൻ കഴിയുമെന്ന് യേശു പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ഇപ്പോൾ നിങ്ങളിൽ കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ അവരെ സുഖപ്പെടുത്തി കാണിച്ചു തരിക. ഈ മറുപടികേട്ട് പാതിരിമാർ എത്രത്തോളം വിസ്മയഭരിതരായെന്നാൽ അവർ ക്ഷണത്തിൽ ഓരോ മൂകനേയും അന്ധനേയും വലിച്ചു വലിച്ചു മാറ്റാൻ തുടങ്ങി. അല്ലാഹു തന്റെ സമീപത്തുള്ളവർക്ക് എല്ലാ അവസരത്തിലും അന്തസ് പ്രദാനം ചെയ്യുന്നു. അവർക്ക് ചില മറുപടികൾ മനസ്സിലാക്കിക്കൊടുക്കുന്നു, അതിനുശേഷം ശത്രു അത്തുംപിത്തും ആയിത്തീരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ലുധിയാനയിൽ ഒരു മീർ അബ്ബാസ് അലി ഉണ്ടായിരുന്നു. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദു(അ)മായി ആത്മാർഥ ബന്ധം പുലർത്തിയിരുന്നു. അയാളുടെ അപ്പോഴത്തെ അവസ്ഥയെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഇൽഹാമും ഉണ്ടായിട്ടുണ്ട്. ആ മീർ സാഹിബിനെ കുറിച്ച് പറയുന്നു, ഹദ്റത്ത് മസീഹ് മൗഊദ്(അ)നുമേൽ ചിലയാളുകൾ അദ്ദേഹത്തെ കുറിച്ച് 'ദൈവികവെളിപാടിൽ വാഴ്ത്തി പറഞ്ഞിട്ടുണ്ടല്ലോ പിന്നീടെന്തുകൊണ്ട് അയാൾ മുർത്തദ്ദായിപ്പോയി' എന്നു പറഞ്ഞ് ആക്ഷേപം ഉന്നയിച്ചു. അപ്പോൾ അവിടന്ന് പറഞ്ഞു; ഇൽഹാമിൽ അയാളെ കുറിച്ച് പുകഴ്ത്തിപ്പറഞ്ഞിട്ടുണ്ട് എന്നത് ശരി തന്നെ. അയാൾ ആത്മീയമായ ഉന്നതശക്തികൾ ഉൾക്കൊള്ളുന്നയാളായിരുന്നുവെന്ന് ദൈവികവചനത്തിൽ പറഞ്ഞിട്ടുണ്ട്. പക്ഷേ, അയാൾ ഈ ശക്തികളെ ദുരുപയോഗം ചെയ്യുകയും അയാളിൽ അഹംഭാവവും അഹന്തയും ഉണ്ടാകുകയും ചെയ്തപ്പോൾ അല്ലാഹുവിന്റെ കോപം അയാളിൽ ഇറങ്ങി. അങ്ങനെ മുർത്തദ്ദായി. അതുകൊണ്ട് മർമപ്രധാനമായ ഇക്കാര്യം ഓർമവെക്കേണ്ടതാണ്. അതായത് സൂറ ഫാത്തിഹായുടെ അവസാനത്തിൽ തിന്മയിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി അല്ലാഹു ദുആ പഠിപ്പിച്ചിരിക്കുന്നു. എപ്പോഴും ഈ പ്രാർഥന ഓർക്കേണ്ടതാണ്. അല്ലാഹു നമ്മെ അനുഗ്രഹത്തിന് പാത്രമായവരിൽ എപ്പോഴും വെക്കുമാറാകട്ടെ. അതിന്റെ ദുഷ്ഫലങ്ങൾ നമ്മളിൽ ഉണ്ടാകാതിരിക്കട്ടെ.

ബാഹ്യമായ അറിവിനുമേൽ പുണ്യത്തിന്റെ അടിത്തറ വെക്കാൻ പറ്റുകയില്ല എന്നതിനെ സംബന്ധിച്ച് അവിടന്നെഴുതി: ബാഹ്യമായ അറിവിനുമേൽ മാഹാത്മ്യത്തിന്റേയും പുണ്യത്തിന്റേയും അടിത്തറ വെക്കുകയാണെങ്കിൽ നഊദുബില്ലാഹ് എല്ലാ നബിമാരും വ്യാജന്മാരാണെന്ന് പറയേണ്ടിവരും. കാരണം നബിമാരെ നേരിടുന്നവർ ഉലമാക്കളായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും എതിർത്തത് ഇക്കൂട്ടരായിരുന്നു. അവർ തങ്ങളെ ബാഹ്യമായ അറിവിൽ വളരെ വലിയ ആലീംകളായി മനസ്സിലാക്കിയിരുന്നു.

സത്യസന്ധതയെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു പ്രസ്സ് മാറ്ററിനോടൊപ്പം പോസ്റ്റുകവറിൽ കത്തിട്ടു. അത് പോസ്റ്റൽ നിയമപ്രകാരം നിയമവിരുദ്ധമായിരുന്നു. പക്ഷേ, അദ്ദേഹത്തിന്ന് അതറിയില്ലായിരുന്നു. പോസ്റ്റൽ അധികൃതർ അദ്ദേഹത്തിന്നെതിരെ കേസു കൊടുത്തു. കേസ് നടത്താൻ പ്രത്യേക ഓഫീസർ നിയമിതനായി. ഉറപ്പായും ശിക്ഷിക്കണമെന്ന കാര്യത്തിൽ കൂടുതൽ സമ്മർദമുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വക്കീൽ അദ്ദേഹത്തോടു പറഞ്ഞു, 'ഞാൻ കത്ത് വേറെയാണ് അയച്ചതെന്ന് താങ്കൾ പറയണം. ഇതുകൂടാതെ കേസ് ജയിക്കാൻ ഒരു മാർഗ

വുമില്ല.' ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, 'എന്തൊക്കെയായാലും കളവ് പറയുകയില്ല.' അങ്ങനെ കോടതിയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു കത്ത് താങ്കളാണോ ഇട്ടതെന്ന് ചോദിച്ചപ്പോൾ അവിടന്ന് പറഞ്ഞു, അതേ! ഞാൻതന്നെയാണ് ഇട്ടത്. പക്ഷേ, എനിക്ക് പോസ്റ്റൽ വകുപ്പിന്റെ ഈ നിയമം അറയില്ലായിരുന്നു.' അപ്പോൾ ന്യായാധിപൻ പറഞ്ഞു: അദ്ദേഹം ഇങ്ങനെ സത്യം സത്യമായി പറഞ്ഞസ്ഥിതിക്ക് ഞാൻ അദ്ദേഹത്തെ മോചിപ്പിക്കുന്നു. ഈ സംഭവം നമ്മൾ ഒരുപാട് പ്രാവശ്യം കേട്ടിട്ടുണ്ട്. പക്ഷേ, നമ്മൾ വെറും കേട്ട് ആസ്വദിക്കുകയാണ് ചെയ്യുന്നത്. ഇത് സത്യസന്ധതയുടെ നിലവാരത്തിന്റെ ഒരു ചെറിയ മാതൃകയാണ് അവിടന്ന് നമ്മുടെ മുമ്പിൽ പ്രദർശിപ്പിച്ചത്. പക്ഷേ, ആരാണോ സ്വന്തം നേട്ടത്തിനുവേണ്ടി സത്യസന്ധതയുടെ നിലവാരത്തിൽനിന്ന് താഴെ വീഴുന്നത് അവർ ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്. ഈ രാജ്യങ്ങളിൽ സർക്കാറുകളിൽനിന്ന് മുതലെടുക്കുന്നതിനുവേണ്ടി അസൈലമിനുവേണ്ടി ഇൻഷൂറൻസ് കമ്പനികളിൽനിന്ന് പണമെടുക്കാൻ തെറ്റായ മാർഗങ്ങൾ ഉപയോഗിക്കാറുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ചെയ്യുന്ന അഹ്മദികൾ ഈ ഭൗതികമായ രീതികളിലൂടെ ഭൗതികനേട്ടം എടുക്കുന്നവർ ചിന്തിക്കേണ്ടതാണ്. ഇത് ഒരു അഹ്മദിക്ക് ചേർന്നതല്ല.

ഒരിക്കൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു ഖുത്ബയിൽ പറഞ്ഞു: ഈ ഖുത്ബയിൽ വഴക്കുകളിൽനിന്നും കലഹങ്ങളിൽനിന്നും രക്ഷപ്പെടാൻ ജമാഅത്തംഗങ്ങളെ അവിടന്ന് ഉപദേശിച്ചിരിക്കുന്നു. ഇത് വിവരിച്ചതിനുശേഷം ഖുത്ബയിൽ ഒരാളെക്കുറിച്ച് ഇക്കാരണത്താലാണ് അയാളെ ജമാഅത്തിൽനിന്ന് പുറത്താക്കിയതെന്ന് പറഞ്ഞു. രണ്ടാം ഖുത്ബ തുടങ്ങിയപ്പോൾ ആ ഖുത്ബയുടെ ഇടയിൽ ഒരു സാഹിബ് എഴുന്നേറ്റു നിന്നിട്ട് ചോദിച്ചു: ഹുദൂർ! പുറത്താക്കിയ ആളുടെ പേരെന്താണ്? അപ്പോൾ മറ്റൊരാൾ പറഞ്ഞു: ഖുത്ബയ്ക്കിടയിൽ സംസാരിക്കാൻ പാടില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മന്ദഹസിച്ചു. പിന്നീട് അവിടന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു സംഭവം പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ലേഖ്റാമിന്റെ മരണത്തെ തുടർന്ന് ഗുരുദാസ്പൂർ സൂപ്രണ്ടന്റ് ഓഫ് പോലീസ് തന്റെ വീട്ടിൽ നടത്തിയ റെയ്ഡിനെ സംബന്ധിച്ച് പറയുകയായിരുന്നു. സൂപ്രണ്ടന്റ് ഓഫ് പോലീസ് ഒരു പൊക്കംകുറഞ്ഞ വാതിലിലൂടെ അകത്തേക്ക് കടക്കുമ്പോൾ കട്ടിളയിൽ തലയിടിച്ച് തലകറങ്ങാൻ തുടങ്ങി. ഞങ്ങൾ അദ്ദേഹത്തോടു പാലു കുടിക്കാൻ പറഞ്ഞു. പക്ഷേ, അയാൾ വിസമ്മതിച്ചു. അതായത് ഇപ്പോൾ ഞാൻ അന്വേഷിക്കാൻ വേണ്ടി വന്നതാണ്. ഇതെന്റെ നിർബന്ധ ചുമതലയ്ക്ക് വിരുദ്ധമായിരിക്കുമെന്ന്! ആ സന്ദർഭത്തിൽ ഇപ്പോൾ സംസാരിച്ച വ്യക്തി ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചോദിച്ചു: 'ഹുദൂർ! അയാളുടെ തലയിൽനിന്ന് ചോര വന്നിരുന്നോ? ഹദ്റത്ത് മസീഹ് മൗഊദ്(അ) ചിരിച്ചുകൊണ്ട് പറഞ്ഞു: ഞാൻ അയാളുടെ തൊപ്പി ഊരി നോക്കിയില്ല.

ഇപ്രകാരം ചിലപ്പോൾ അനാവശ്യമായി സംസാരിക്കുക എന്നത് ചിലരുടെ ശീലമാണ്. എന്തായാലും ഖുത്ബയിൽ സംസാരിക്കുക എന്നത് വിരോധമാണ്. പക്ഷേ, രണ്ടാമത്തെയാൾ ഖുത്ബയിൽ സംസാരിക്കുന്നത് വിരോധമാണെന്ന് ഉപദേശിച്ചതും തെറ്റാണ്. ആംഗ്യത്തിലൂടെ പറയാം. അല്ലെങ്കിൽ പിന്നീട് പറഞ്ഞുകൊടുക്കാം. തുടർന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു ഫലിതവും പറയുകയുണ്ടായി. മസ്ജിദിൽ ജമാഅത്തായ നമസ്കാരം നടന്നുകൊണ്ടിരിക്കുമ്പോൾ ഒരാൾ വന്ന് ഉറക്കെ സലാം ചൊല്ലി. നമസ്കരിച്ചുകൊണ്ടിരുന്ന ഒരാൾ അതേ ശബ്ദത്തിൽ വ അലയ്ക്കുമുസ്സലാം എന്ന് സലാം മടക്കി. അപ്പോൾ അയാളുടെ അടുത്തുനിന്നയാൾ പറഞ്ഞു: നിനക്കറിയല്ലേ? നമസ്കാരത്തിൽ സംസാരിക്കാൻ പാടില്ലാന്ന്. നീ എന്തിനാണ് സലാം മടക്കിയത്.? എന്തായാലും ഖുത്ബയും നമസ്കാരത്തിന്റെ ഭാഗമാണെന്ന കാര്യം ഓർക്കുക. അതുകൊണ്ട് ഖുത്ബയിൽ സംസാരിക്കുന്നതും വിരോധമാണ്;എവിടെയെങ്കിലും പറയണമെങ്കിൽ, ആരെയെങ്കിലും തടയണമെങ്കിൽ ഖുത്ബ കൊടുത്തുകൊണ്ടിരിക്കുന്ന ഇമാമിനെ അതിന് അനുവാദമുള്ളു. നമസ്കാരത്തിൽ ഇമാമിനും സംസാരം പാടില്ല. കുട്ടികൾക്ക് ഇപ്പോൾ മുതൽതന്നെ ഇക്കാര്യം പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്. നമസ്കാരത്തിൽ സംസാരിക്കുന്നത് വിരോധമാണെന്നപോലെ ഖുത്ബയിൽ സംസാരിക്കുന്നതും വിരോധമാണ്.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis (atba)**
at Baithul Futuh,London – on 23.01.15
Malayalam Translation : Mau.Mohammad Ismaeel, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala